©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2022 ആഗസ്റ്റ് 27<br>27th August 2022<br>1198 ചിങ്ങം 11<br>11th Chingam 1198<br>1944 ഭാദ്രം 5<br>5th Bhadra 1944 | നമ്പർ<br>No. | 2905 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ. ഉ. (അച്ചടി) നമ്പർ. 68/2022/ത.സ്വ.ഭ.വ.**
**എസ്. ആർ. ഒ. നമ്പർ 844/2022**

*തിരുവനന്തപുരം, 2022 ആഗസ്റ്റ് 27*
*1198 ചിങ്ങം 11*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 108-ഉം 109-ഉം വകുപ്പുകൾ അതിന്റെ 565-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ച്, 1995 ഫെബ്രുവരി 17-ാം തീയതിയിലെ സ.ഉ.(അ) 28/95/തഭവ എന്ന നമ്പർ വിജ്ഞാപന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകാരം പുറപ്പെടുവിച്ചതും 1995 ഫെബ്രുവരി 17-ാം തീയതിയിലെ 172-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 228/95 ആയി പ്രസിദ്ധീകരിച്ചതുമായ 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:-

ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>-(1) ഈ ചട്ടങ്ങൾക്ക് 2022-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>ചട്ടങ്ങൾക്കുള്ള ഭേദഗതി</u>.-1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 8-ാം ചട്ടത്തിൽ "രണ്ടായിരം രൂപയും", "മൂവായിരം രൂപയും" എന്നീ വാക്കുകൾക്ക് പകരം "നാലായിരം രൂപയും", "അയ്യായിരം രൂപയും" എന്നീ വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

ശാരദ മുരളീധരൻ,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഒരു സ്ഥാനാർത്ഥി നിർണ്ണയിക്കപ്പെട്ടിട്ടുള്ള തുക നിക്ഷേപമായി കെട്ടിവയ്ക്കാത്തപക്ഷം അയാളുടെ നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്നതല്ല എന്ന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 109-ാം വകുപ്പ് (1)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 8-ാം ചട്ടത്തിൽ ഇപ്രകാരം നിക്ഷേപമായി കെട്ടി വയ്ക്കേണ്ട തുക നിർണ്ണയിച്ചിട്ടുള്ളതാണ്. അതിൻപ്രകാരം ഒരു ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ഒരു വാർഡിൽ നിന്നുള്ള തിരഞ്ഞെടുപ്പിന്റെ കാര്യത്തിനു വേണ്ടി രണ്ടായിരം രൂപയും മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു വാർഡിൽ നിന്നുള്ള തിരഞ്ഞെടുപ്പിന്റെ കാര്യത്തിനു വേണ്ടി മൂവായിരം രൂപയും ഒരു സ്ഥാനാർത്ഥി കെട്ടിവയ്ക്കുകയോ കെട്ടിവയ്പിക്കുകയോ ചെയ്യേണ്ടതാണ്. പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോപെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവയ്ക്കേണ്ട തുക മേൽപ്പറഞ്ഞ തുകയുടെ അൻപതു ശതമാനം ആയിരിക്കുന്നതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഗൗരവം നിലനിർത്തുന്നതിന്, ഒരു സ്ഥാനാർത്ഥി കെട്ടിവയ്ക്കേണ്ട തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. പ്രസ്തുത ആവശ്യത്തിലേയ്ക്ക് 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 8-ാം ചട്ടം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.08.27 07:05:53 +05:30